(സി) സ്വീകരിച്ചുവരുന്നു

(ഡി) നിലവിൽ നൽകിവരുന്ന പല തൊഴിൽ പരിശീലന പരിപാടികളും ജയിൽ മോചനത്തിനുശേഷം, ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുന്നതിന് പ്രയോജനപ്പെടുന്നവയാണ്.

ട്രോളിംഗ് നിരോധനം

5 (*575) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന സമ്പ്രദായം എന്നുമുതലാണ് ആരംഭിച്ചത് ; ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടും മത്സ്യസമ്പത്തിൽ വൻകുറവ് വന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) മത്സ്യബന്ധനനയം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ട്രോളിംഗ് നിരോധന സമ്പ്രദായം ആരംഭിച്ചത് 1988 മുതലാണ്. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ ജൂലൈ മാസങ്ങളിൽ (മൺസൂൺ കാലം) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ട്രോളിംഗ് നിരോധനത്തിന്റെ ഏറ്റവും പ്രധാന ഉദ്ദേശലക്ഷ്യം. അമിത മത്സ്യചൂഷണം ഒഴിവാക്കുക, മത്സ്യബന്ധന മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) 1961 മുതൽ 2012 വരെയുള്ള 52 വർഷത്തെ കടൽ മത്സ്യബന്ധന ഉൽപ്പാദനത്തിന്റെ സ്ഥിതിവിവര കണക്കുകൾ പഠന വിധേയമാക്കിയതിൽ ട്രോളിംഗ് നിരോധനം ആരംഭിക്കുന്നതിന് മുമ്പുള്ള 28 വർഷത്തെയും നിരോധനം ആരംഭിച്ച ശേഷമുള്ള 24 വർഷത്തെയും സ്ഥിതിവിവര കണക്കുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി. ഈ പരിശോധനയിൽ വ്യക്തമാകുന്നത് ട്രോളിംഗ് നിരോധനം തീരക്കടൽ മത്സ്യ സമ്പത്തിന്റെ നിലനിൽപ്പിന് ഗുണകരമാണെന്നാണ്. പക്ഷേ ഈ ഗുണഫലം 2000 വരെ മാത്രമേ പ്രകടമായി കാണുന്നുള്ളൂ എന്നും 2000-നുശേഷം ഗുണഫലം സുസ്ഥിരമായി കാണുന്നില്ല എന്നും കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നിരോധനത്തിന്റെ ഗുണഫലം സുസ്ഥിരമായി നിലനിർത്തുന്നതിന് നിരോധന കാലയളവ് കൂട്ടുക മാത്രമാണ് കരണീയമായിട്ടുള്ളത് എന്ന് കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ശാസ്ത്ര സാങ്കേതിക വകുപ്പിനുകീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി

6 (*576) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സയൻസ് ആന്റ് ടെക്നോളജി വകുപ്പിനുകീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തിപരിചയ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പുമായി സഹകരിച്ച് 'അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി' (ATMA) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രാമീണ കർഷകർക്ക് സസ്യപ്രജനന പരിപാലന രീതികളിൽ പ്രവൃത്തി പരിചയം നൽകിവരുന്നു. കമ്മ്യൂണിറ്റി അഗ്രോ ബയോടെക് റിസോഴ്സ് സെന്റർ (CARC) മുഖേന കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട ബയോ ടെക്നോളജി പരിശീലന പരിപാടികൾ ചെയ്തു വരുന്നുണ്ട്.

(ബി) കർഷകർക്ക് ചെടികളുടെ വിവിധ പ്രജനന രീതികൾ പഠിക്കാനുള്ള അവസരവും കൃഷി രീതികളിൽ ബയോടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരവുമാണ് ഒരുക്കുന്നത്. ഇതിലൂടെ ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly